# സബർമതി

2021 ഒക്ടോബർ 21 വട്ടോളി സംസ്കൃതം ഹൈസ്കൂൾ ഗാന്ധിദർശൻക്ലബ്ബ് പ്രസിദ്ധികരണം







## വട്ടോളി സംസ്കൃതം ഹൈസ്കൂളിൽ ഗൃഹസന്ദർശനം പൂർണം.

### വിദ്യാർത്ഥികൾ വിവിധ ഭാഷകൾ പഠിക്കണം : കെ.മുരളീധരൻ എം ..പി

വിവിധ ഭാഷകൾ നന്നായി അഭ്യസിക്കാൻ വിദ്യാർത്ഥികൾ തയ്യാറാകണമെന്ന്വടകര പാർലമെൻറ് അംഗം കെ.മുരളീധരൻ എം.പി പറഞ്ഞു. വട്ടോളി സംസ്കൃതം ഹൈസ്കൂളിൽ മുഴുവൻ വിദ്യാർത്ഥികളുടെയും വീടുകൾ സന്ദർശിച്ചതിന്റെ പ്രഖ്യാപനവും അക്ബർ കക്കട്ടിലിന്റെ ഓർമയ്ക്കായ് പ്രസിദ്ധീകരിക്കുന്ന അക്ബർ ഓർമകഥാ സമാഹാരത്തിന്റെ പ്രകാശന കർമവും നിർവഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം. ഭാഷകൾക്ക് മതമില്ല എന്നും അദ്ദേഹം തുടർന്നു പറഞ്ഞു.കുന്നുമ്മൽ ഗ്രാമ പഞ്ചായത്ത് വൈസ് പ്രസിഡൻറ് വി.വിജിലേഷ് അദ്ധ്യക്ഷനായിരുന്നു.കെ.കെ അശോകൻ മാസ്റ്റർ പുസ്തകം ഏറ്റുവാങ്ങി. പി.ടി എ പ്രസിഡന്റ് സി.പി ശശീന്ദ്രൻ കെ.മുരളീധരൻ എം .പി ക്കുള്ള ഉപഹാരം സമർപ്പിച്ചു.കഥാകൃത്ത് നാസർ കക്കട്ടിൽ പുസ്തകം പരിചയപ്പെടുത്തി.കുന്നുമ്മൽ ഗ്രാമപഞ്ചായത്ത് മെമ്പർ ആർ. കെ.റിൻസി ടി.കെ.സജീവൻ മാസ്റ്റർ, കെ.എസ് .ചന്ദ്രശേഖരൻ ,രാധാകൃഷ്ണൻ ആയഞ്ചേരി തുടങ്ങിയവർ ആശംസകൾ നേർന്നു.സംസ്കൃതം ഹൈസ്കൂൾ ഒമ്പതാം ക്ലാസ് വിദ്യാർത്ഥിയായ അശ്വിൻ വരച്ച കെ.മുരളീധരന്റെ രേഖാ ചിത്രം ചടങ്ങിൽ വെച്ച് കൈമാറി.അക്ബർ ഓർമ്മ കഥാ സമാഹാരത്തിന്റെ മുഖചിത്രം വരച്ച നിവേദ് ആർ.എസ്, എൻ.എം.എം.എസ് സ്കോളർഷിപ്പ് വിജയികൾ എന്നിവർക്ക് കെ.മുരളീധരൻ എം.പി ചടങ്ങിൽ വെച്ച് ഉപഹാരം നൽകി. ഹെഡ്മാസ്റ്റർ വി.രാമകൃഷ്ണൻ മാസ്റ്റർ സ്വാഗതവും സ്റ്റാഫ് സെക്രട്ടറി സി.പി മിനിമോൾ നന്ദിയും പറഞ്ഞു.

## ജീവിതശൈലീരോഗ നിർണ്ണയ ക്യാമ്പ് സംഘടിപ്പിച്ചു

വട്ടോളി സംസ്കൃതം ഹൈസ്കൂൾ സ്റ്റാഫ് കൗൺസിൽ ചേലക്കാട് സീ വോക് പാലിയേറ്റീവിന്റെ സഹകരണത്തോടെ ജീവിത ശൈലീ രോഗ നിർണയ ക്യാമ്പ് സ്കൂൾ ഹാളിൽ സംഘടിപ്പിച്ചു. ഹെഡ് മാസ്റ്റർ വി.രാമകൃഷ്ണൻ അദ്ധ്യക്ഷത വഹിച്ചു. കുന്നുമ്മൽ ഗ്രാമ പഞ്ചായത്ത് മെംബർ റിൻസി ആർ.കെ ഉദ്ഘാടനം ചെയ്തു. സീവോക് കൺവീനറും നാദാപുരം ഗ്രാമപഞ്ചായത്ത് ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ എം.സി സുബൈർ പി.ടി. എ പ്രസിഡന്റ് സി.പി.ശശീന്ദ്രൻ, സംബന്ധിച്ചു. ഹർഷ,മുഹമ്മദ് തമീം പി.പി, റിസ് വാൻ അലി എം.സി. നേതൃത്വം നൽകി.

സ്റ്റാഫ് സെക്രട്ടറി സി.പി. മിനിമോൾ സ്വാഗതവും നിസാർ എടത്തിൽ നന്ദിയും പറഞ്ഞു.









വട്ടോളി സംസ്കൃതം ഹൈസ്കൂൾ



കെ.കെ.അശോകൻമാസ്റ്റർ വട്ടോളി

കഥ

-

## കൃഷി

വേനൽ കാലമായാൽ സജു മാഷ് തന്റെ വീട്ടിലെ മുറ്റത്തും പറമ്പത്തും കയ്പ്പയും പൊട്ടിക്കയും ചീരയും പടവലവും കൃഷി ചെയ്യുമായിരുന്നു .

ഈ കൃഷി രീതിയെ പറ്റിയും വിളവെടുപ്പും അതിലൂടെ മാഷിന് കിട്ടുന്ന സന്തോഷവും സമാധാനവും സ്കൂളിലും വീടിന്റെ പരിസര പ്രദേശങ്ങളിലും ചർച്ചാവിഷയമാണ് .

ഈ വേനലിലും മാഷ് കൃഷി തുടങ്ങി . കൊറോണ എന്ന കുഞ്ഞൻ വൈറസ് നാട്ടിൽ ഉണ്ടാക്കിയ കോലാഹലം കാരണം സ്കൂളിന് അവധി നൽകി.അതുകൊണ്ട് മാഷ് കൂടുതൽ സമയം കൃഷിസ്ഥലത്തായി .

തന്റെ കയ്പ്ക്ക (പാവയ്ക്ക )ചെടിയിൽ തൂങ്ങി ആടുന്ന കയ്പക്കയും വലിയ ഇലയുള്ള ചുവന്ന ചീരയും തല
തടിച്ച പൊട്ടിക്കയും കണ്ട് സന്തോഷിച്ച് നിൽക്കുമ്പോൾ അടുത്ത വീട്ടിലെ ഗൾഫുകാരന്റെ ഭാര്യ ശ്യാമളചോദിച്ചു

"മാഷെ ചീരയെല്ലാം നല്ലോളം നന്നായിട്ടുണ്ടല്ലോ'?"തന്റെ ലുങ്കി ഒന്ന് അഴിച്ച്മാടി കെട്ടി തല ചരിച്ച് പിടിച്ച് ഇടത്തെ കൈകൊണ്ട് താടിയിൽ ഒന്ന് തലോടി മാഷ് ശ്യാമളയോട് ചെറിയ ഒരു ശൃംഗാരത്തോടെ ചോദിച്ചു ..

"ശ്യാമളക്ക് ചീര വേണോ ?" പൊതുവെ വിടർന്ന കണ്ണുള്ള ശ്യാമളയുടെ കണ്ണ് ഒന്നുകൂടി വിടർന്നു .

"ഉണ്ടെങ്കിൽ ലേശം മതി മാഷെ" .

സജു മാഷ് കുറച്ച് ചീരയും രണ്ട് പൊട്ടിക്കയും പറിച്ച് ശ്യാമളക്ക് കൊടുത്തു . ശ്യാമളയുമായി കുറച്ച് സമയംനാട്ട് കാര്യങ്ങളും വീട്ടുകാര്യങ്ങളും സംസാരിച്ചു .

അടുക്കള ജാലകത്തിലൂടെ മാഷിന്റെ സഹധർമ്മിണി മാലതി എന്ന മാലൂ ഏച്ചി ഇതെല്ലാം നോക്കി കാണുകയായിരുന്നു .

മാഷ് സാധാരണ പോലെ മുറ്റത്തെ പൈപ്പ് തുറന്ന് കാലും മുഖവും കഴുകി അടുക്കളയിൽ ചെന്നപ്പോൾ കടന്നൽ കുത്തിയ മുഖം പോലെ വീർത്തിരിക്കുന്നു പത്നിയുടെ ആ വെളുത്ത മുഖം .തീൻമേശയിൽ സാധാരണ അലങ്കരിച്ചു വെക്കുന്ന പലതും കാണാനില്ല .രാവിലെ കിട്ടുന്ന ചായയും പുട്ടും കടല കറിയും കാണാനില്ല . പല പാത്രങ്ങളും നിലത്ത് വീണ് പൊട്ടി ചിതറി കിടക്കുന്നു .

ആരോടെന്നില്ലാത്തെ പൊടിപ്പും തൊങ്ങലും നിറഞ്ഞ സംസാരം തുടർന്നു കൊണ്ടേയിരുന്നു. കാലാവസ്ഥ മാറിയിരിക്കുന്നു.

ആകാശത്ത് നീലാകാശത്തിനു പകരം കാർമേഘങ്ങൾകൊണ്ട് നിറഞ്ഞിരിക്കുന്നു.

ഇപ്പോൾ മാഷ് നട്ട് വളർത്തിയ ചീരയും കയപ്ക്കയും പൊട്ടിക്കയും വെള്ളവും വളവും കിട്ടാതെ വാടി തളർന്ന് നിൽക്കുന്ന ദയനീയ കാഴ്ച കാണാം.

കാരണംആവിട്ടിൽലോക്ക് ഡൗൺശആരംഭിച്ചിരിക്കുന്നുകോലായിയിൽ നിന്ന്ആരെല്ലോ കേൾക്കാൻ വേണ്ടി ഉച്ചത്തിൽ സജു മാഷ് ചോദിക്കുന്നു .... "കൊറോണേ നീ ഈ നാട്ടിൽ നിന്ന് എപ്പം പോകും ?"

## അകത്തളം

പൊതുവെ ശാന്ത സ്വഭാവക്കാരനാണ് റഹ്മാൻമാഷ് .സംസാരിക്കുമ്പോഴും പെരുമാറുമ്പോഴും ഒരു മിതത്വം പാലിക്കും .അതുകൊണ്ട് തന്നെ .

എല്ലാവർക്കും മാഷെ ഇഷ്ടമാണ് .ഭാര്യ ഫാത്തിമക്കും മാഷെ പറ്റി നല്ലതേ പറയാനുള്ളൂ .

കൊറോണ കാരണം സ്കൂൾ അടച്ചപ്പോൾ മാഷും ഫാത്തിമയെ അടുക്കള പണിയിൽ ഒന്ന് സഹായിക്കാം എന്ന് കരുതി അടുക്കളയിലേക്ക് കയറി .ആദ്യംമൊക്കെ ഫാത്തിമക്ക് ചെറിയ ചെറിയ പ്രയാസം തോന്നി.

കാരണം എടുത്ത സാധനങ്ങൾ അവിടെയും ഇവിടെയും വാരിവലിച്ചിട്ട്.... വെള്ളം കൊണ്ടുള്ള കളിയും.. മൊത്തത്തിൽ ഒരു സുഖം കിട്ടിയില്ല ... പിന്നീടുള്ള ദിവസങ്ങളിൽ ഫാത്തിമ അതു പൊരുത്തപ്പെട്ടു .

ഇപ്പോൾ അടുക്കള ജോലി ഭാഗം ചെയ്തു മാഷ്രാവിലെ പാത്രം കഴുകണം ,നിലം തുടക്കണം ,ബാത്ത് റൂം വൃത്തിയാക്കണം .. പിന്നെ അല്ലറ ചില്ലറ മറ്റ് പണികളും .ഇപ്പോൾ രാവിലെ മുതൽ പല ജോലികളും മാഷെയും കാത്ത് ഫാത്തിമ നിൽക്കുന്നു.

ഇന്നലെ അറിയാൻ കഴിഞ്ഞത് ഭാര്യയെ സഹായിക്കാൻ അടുക്കളയിൽ കയറിയ റഹ്മാൻ മാസ്റ്ററുടെ വീട്ടിൽ ലോക്ക് ഡൗൺ തുടങ്ങി എന്നാണ് .സ്വതവേ ശാന്ത സ്വഭാവക്കാരനായ മാഷ് അട്ടിഹസിച്ച് ആരൊടെന്നില്ലാതെ ചോദിക്കുന്നു ...

"കൊറോണേ .. കൊറോണേ നീ ഈ നാട്ടിൽ നിന്ന് എപ്പോഴാണ് പോകുക?" .










**വട്ടോളി സംസ്കൃതം ഹൈസ്കൂൾ**




















**വട്ടോളി സംസ്കൃതം ഹൈസ്കൂൾ**







